മി. സ്പീക്കർ: ഓർഡർ..... ഓർഡർ.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങേയ്ക്ക് അറിയാവുന്നതുപോലെ, ഞങ്ങൾ സഭാനടപടികളുമായി നിസ്സഹകരിച്ചുകൊണ്ട് ശബരിമല സ്വർണ്ണകൊള്ളയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നും എസ്.ഐ.ടി. (സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം)-യുടെ മേലുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വകുപ്പിന്റെയും സമ്മർദം ഒഴിവാക്കണമെന്നുമാവശ്യപ്പെട്ടുകൊണ്ട് നിയമസഭയ്ക്കകത്തും പുറത്തും സമരത്തിലാണ്. ഇന്ന് ഈ നിയമസഭാ സമ്മേളനത്തിന്റെ ആദ്യപാദത്തിന്റെ അവസാന ദിവസമാണ്. അങ്ങേയ്ക്കറിയാം, ബഹുമാനപ്പെട്ട ഹൈക്കോടതിയും സുപ്രീംകോടതിയും ജാമ്യം നിഷേധിച്ച ഈ കേസ്സിൽ ഉണ്ണികൃഷ്ണൻ പോറ്റിയടക്കമുള്ള എല്ലാ പ്രതികളും statutory bail കിട്ടി പുറത്തുവരികയാണ്. കഴിഞ്ഞ 90 ദിവസമായി ഒരു പ്രാഥമിക കുറ്റപത്രംപോലും സമർപ്പിക്കാൻ കഴിയാതെയാണ് എസ്.ഐ.ടി. നിൽക്കുന്നത്. ശബരിമലയിലെ സ്വർണ്ണക്കവർച്ചയിൽ ഒരു വിഭാഗം

ജനങ്ങൾക്ക് മാത്രമല്ല, കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും വലിയ ഉൽകണ്ഠയും പരിഭ്രാന്തിയുമുണ്ട്. ഇതുപോലെയുള്ള ഒരു പവിത്രമായ സ്ഥലത്ത് ഇത്തരത്തിലൊരു കൊള്ള നടന്നിട്ട് 90 ദിവസമായിട്ടും അതിനെക്കുറിച്ച് ഒരു അന്വേഷണം നടക്കുന്നില്ല. ഞങ്ങൾ ഭയപ്പെടുന്നത്, ഇപ്പോൾതന്നെ വേണ്ട രീതിയിലുള്ള തെളിവുകൾ ശേഖരിച്ചിട്ടില്ല, ഈ പ്രതികൾ പുറത്തിറങ്ങുമ്പോൾ ഈ തെളിവുകൾ മുഴുവൻ നശിപ്പിക്കപ്പെടും; ഒരു സംശയവുമില്ല. ഒരു കോടീശ്വരനാണ് ഈ ദ്വാരപാലകശില്പം വിറ്റിരിക്കുന്നത് എന്ന് ബഹുമാനപ്പെട്ട കോടതിതന്നെ പറഞ്ഞിട്ടുണ്ട്. ആ തൊണ്ടിമുതൽപോലും കണ്ടെടുക്കാനോ പ്രധാനപ്പെട്ട തെളിവുകൾ ശേഖരിക്കാനോ 90 ദിവസമായിട്ടും കഴിഞ്ഞിട്ടില്ല. ഈ പ്രതികൾകൂടി പുറത്തിറങ്ങിയാൽ മുഴുവൻ തെളിവുകളും നശിപ്പിക്കപ്പെട്ട് ശബരിമല സ്വർണ്ണക്കവർച്ച എന്നത് മാഞ്ഞുപോകും. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല.  ഞങ്ങളുടെ അംഗങ്ങൾ ഡയസ്സിലേക്ക് ഇരച്ചുകയറി എന്നതുസംബന്ധിച്ച് സഭയിൽ കഴിഞ്ഞദിവസം അങ്ങ് ചില പ്രയാസങ്ങൾ പ്രകടിപ്പിച്ചു. ഞാൻ വീണ്ടും ആവർത്തിക്കുന്നു; ഈ സഭയിൽ ഇതുവരെയില്ലാത്ത രീതിയിൽ അവരുടെ കയ്യിലുള്ള ബാനർ, വാച്ച് & വാർഡ് ബലമായി പിടിച്ചുവലിച്ചപ്പോൾ അത് വാങ്ങിച്ചെടുക്കാൻ വേണ്ടിയാണ് അവർ

ഡയസ്സിലേക്ക് കയറിയത്. ഞങ്ങൾ സമാധാനപരമായിട്ടാണ് ഈ നിയമസഭയിൽ സമരം നടത്തിയത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ...(മൈക്ക് ഓഫ്)...

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് എനിക്ക് സംസാരിക്കാൻ തന്ന അവകാശമാണ് ഞാൻ ഉപയോഗിക്കുന്നത്. അത് ബഹുമാനപ്പെട്ട മന്ത്രി തടസ്സപ്പെടുത്തുന്നത് ശരിയല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ദയവായി സീറ്റിലിരിക്കു.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ നിയമസഭാ സമ്മേളനത്തിന്റെ ആദ്യപാദം ഇവിടെ അവസാനിക്കുകയാണ്. സഭയ്ക്കകത്ത് ആരംഭിച്ച ഈ സമരം ഞങ്ങൾ സഭയ്ക്ക് പുറത്തേക്ക് കൊണ്ടുപോകുകയാണ്. ഈ സമരം അതിശക്തമായി ഞങ്ങൾ മുന്നോട്ടുകൊണ്ടുപോകുകതന്നെ ചെയ്യും. ഇത് മുന്നോട്ടുപോയാൽ സി.പി.ഐ.(എം)-ന്റെ കയ്യിവിലുള്ള പ്രധാനപ്പെട്ട നേതാക്കന്മാർ ജയിലിൽ പോകും എന്നുള്ള ഭയംകൊണ്ടാണ് ഗവൺമെന്റ് ഈ അന്വേഷണം ഇല്ലാതാക്കാൻ ശ്രമിക്കുന്നത്. അതിനാൽ ഞങ്ങൾ ഈ സമരം തുടരുകതന്നെ ചെയ്യും.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബാനറും പ്ലക്കാർഡുകളുമായി സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നതിനുശേഷം സഭയുടെ നടുത്തളത്തിൽ കുത്തിയിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പരാമർശിച്ചത്, പ്രതിപക്ഷാംഗങ്ങൾ ബാനർ പിടിച്ചുവാങ്ങാനാണ് ഡയസ്സിൽ കയറിയതെന്നാണ്. യഥാർത്ഥത്തിൽ സെക്രട്ടേറിയറ്റിന്റെ മുന്നിൽ ഒരു ബാരിക്കേഡ് മറിച്ചിട്ടശേഷം കയറുന്നതുപോലെയാണ് പല പ്രതിപക്ഷ എം.എൽ.എ.-മാരും ചെയ്തത്. അത് ജനാധിപത്യത്തിന് ഭൂഷണമല്ല. അതോടൊപ്പംതന്നെ ഉത്തരവാദിത്വപ്പെട്ട രാഷ്ട്രീയ നേതൃത്വം ചെയറിനെ തെരുവിലിട്ട് അലക്കുന്ന രീതിയും ശരിയല്ല. ചെയറിന് തെരുവിൽ വന്ന് പറയാൻ സാധിക്കില്ല. ചെയർ ഈ സഭയിലേക്ക് air drop ചെയ്തുവന്നതല്ല, വളരെ കൃത്യമായി ദീർഘകാലത്തെ അനുഭവം ചെയറിനുമുണ്ട്. അതുകൊണ്ട് പലപ്പോഴും പരസ്യമായി ചെയറിനെ തെരുവിലിട്ട് അലക്കുന്ന രീതി ജനാധിപത്യത്തിന് ഭൂഷണമാണോയെന്ന് ഉത്തരവാദിത്വപ്പെട്ട രാഷ്ട്രീയ നേതൃത്വമാണ് പരിശോധിക്കേണ്ടത്. ഇവിടെ വളരെ നിർഭാഗ്യകരമായ സംഭവങ്ങളാണ് കഴിഞ്ഞ ദിവസങ്ങളിലുണ്ടായത്. ഉത്തരവാദിത്വപ്പെട്ട എം.എൽ.എ.-മാർ ഒരു പോലീസ് ബാരിക്കേഡ് മറിച്ചുകടന്നതുപോലെയാണ്

ഇവിടെ കയറിയത്. ഒരു തരത്തിലുമുള്ള പ്രകോപനം വാച്ച് & വാർഡിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. അതേസമയം വാച്ച് & വാർഡിനെ ബാനർ കെട്ടിയ വടികൊണ്ട് അടിക്കാൻ പ്രതിപക്ഷ സാമാജികർ തയ്യാറായി. തിരഞ്ഞെടുപ്പിന്റെ forefront-ൽ അവരുടെ പേര് എന്നെക്കൊണ്ട് പറയിപ്പിക്കരുത്. ഞാൻ ഒരിക്കൽക്കൂടി പറയുന്നു; ചില എം.എൽ.എ.മാർ തയ്യാറായിയെന്നുള്ളത് ശരിയാണ്. അത്തരം രീതി ശരിയല്ല എന്നത് ഒരിക്കൽക്കൂടി വളരെ വിനീതമായി പറയാനാഗ്രഹിക്കുകയാണ്. ... (ബഹളം)...

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സത്യം മുഖത്ത് വന്നടിക്കുമ്പോൾ അതിനുനേരെ കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മനസ്സിലാക്കേണ്ടത് അദ്ദേഹവും പ്രതിപക്ഷാംഗങ്ങളും കണ്ണടച്ചാൽ അവർക്ക് മാത്രമാണ് ഇരുട്ടാകുക, ഈ ലോകത്തിനാകെ ഇരുട്ടാകില്ല എന്നതാണ്. എങ്ങനെയാണ് വസ്തുതകളുടെ മുമ്പിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കണ്ണടയ്ക്കുന്നത് എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഇന്നദ്ദേഹം നടത്തിയ പ്രസ്താവന. ഇന്ന് അദ്ദേഹത്തിന് ആ പ്രസ്താവന നടത്താനുള്ള ചങ്കൂറ്റമുണ്ടാകണമെങ്കിൽ എത്രമാത്രം

അവാസ്തവം പറയാനുള്ള ധൈര്യം അദ്ദേഹത്തിനുണ്ടെന്നുള്ളതാണ് അത് കാണിക്കുന്നത്. ഇന്നലെയാണ് ബഹു. ഹൈക്കോടതി വിധി വന്നത്. അടുത്തിടെ നമ്മെ വിട്ടുപിരിഞ്ഞ, മലയാളികളെ ഏറെ ചിരിപ്പിച്ച, നടനും സംവിധായകനുമായ ശ്രീനിവാസന്റെ ഏറ്റവും പ്രശസ്തമായ 'തലയണമന്ത്രം' എന്ന സിനിമയിൽ പ്രശസ്തമായ ഒരു രംഗമുണ്ട്; അപകടം പറ്റി നായകൻ കിടക്കുമ്പോൾ അവിടെപ്പോയി ഉചിതമല്ലാത്ത അഭിപ്രായപ്രകടനം നടത്തിയ ആളെ മാമുക്കോയ അകത്തേക്ക് വിളിച്ചുകൊണ്ടുപോയി മുഖമടച്ച് ഒരടി കൊടുത്ത് പറയുന്നുണ്ട്, 'ഇമ്മാതിരി സമയത്തല്ല ഇതുപോലുള്ള വർത്തമാനം പറയേണ്ടത്' എന്ന്. ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റിനോടും ബഹു. ഹൈക്കോടതിയുടെ ദേവസ്വം ഡിവിഷൻ ബെഞ്ച് യഥാർഥത്തിൽ ചെയ്തത് അതാണ്. 'അന്വേഷണം കുറ്റമറ്റ രീതിയിൽ നടക്കുകയാണ്; എസ്.ഐ.ടി.-യിൽ പൂർണ്ണ തൃപ്തി; നിസ്സാര വിഷയങ്ങൾ ഉന്നയിച്ച് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടുന്നത് നല്ല പ്രവണതയല്ല' എന്നാണ് ഹൈക്കോടതി പറഞ്ഞത്. ആരോടാണ് പറഞ്ഞത്? ഇവിടത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും അദ്ദേഹത്തിന്റെ കൂട്ടാളിയും ഉറ്റമിത്രവുമായ ബി.ജെ.പി. സംസ്ഥാന പ്രസിഡന്റിനോടും സി.ബി.ഐ.

അന്വേഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ച വിശ്വഹിന്ദു പരിഷത്തിനോടുമെല്ലാമാണ്. അവരൊക്കെയാണ് ഇപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ കൂട്ടാളികൾ. അവരോടാണ് ഹൈക്കോടതിയിലെ ഡിവിഷൻ ബെഞ്ച് പറഞ്ഞത്; 'നിസ്സാര വിഷയങ്ങൾ ഉന്നയിച്ച് അന്വേഷണം ആവശ്യപ്പെടുന്നത് നല്ല പ്രവണതയല്ല' എന്ന്. 'സ്വാഭാവിക ജാമ്യം ലഭിച്ചതുകൊണ്ട് ഒരു പ്രതിയും രക്ഷപ്പെടില്ല.' എന്ന് ആരാണ് പറയുന്നത്? ഈ കേസ്സിന്റെ മുഴുവൻ അന്വേഷണം നടത്തുന്ന ഹൈക്കോടതി ദേവസ്വം ഡിവിഷൻ ബെഞ്ച്. ആ ദേവസ്വം ഡിവിഷൻ ബെഞ്ചിന് മുകളിലാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്നാണ് അദ്ദേഹം ധരിക്കുന്നത്. കോടതി മറ്റൊരു കാര്യം കൂടി പറഞ്ഞു; 'ധൃതിപിടിച്ച് കുറ്റപത്രം സമർപ്പിച്ചാൽ വിചാരണവേളയിൽതന്നെ പ്രതികൾ രക്ഷപ്പെട്ടുപോകും', വളരെ പ്രധാനപ്പെട്ടൊരു നിരീക്ഷണമാണത്. ഇതൊരു കുത്തുകേസല്ല; സാധാരണ കേസല്ല, ധൃതിപിടിച്ച് അവധാനതയില്ലാതെ കുറ്റപത്രം സമർപ്പിച്ചാൽ പ്രതികൾ രക്ഷപ്പെട്ടുപോകും. അതാണ് പ്രതിപക്ഷനേതാവിന്റെയും പ്രതിപക്ഷത്തിന്റെയും ആവശ്യം. യഥാർത്ഥ പ്രതികൾ രക്ഷപ്പെട്ടുപോകണം എന്നതാണ് അവരുടെ ആവശ്യം.

മി. സ്പീക്കർ: യെസ്... യെസ്....

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കുറേ കാര്യങ്ങൾ ഇവിടെ പറഞ്ഞു; അത് രേഖകളിലുണ്ട്, അതുമുഴുവൻ ഇവിടെ വിശദീകരിക്കേണ്ടതുണ്ട്. ഇന്ന് ഈ നിയമസഭാ സമ്മേളനത്തിന്റെ ആദ്യപാദത്തിന്റെ അവസാന ദിവസമാണ്. അദ്ദേഹത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം ഞങ്ങൾ തുടക്കംമുതൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. അന്വേഷണം യഥാർത്ഥ പ്രതികളിലേക്ക് എത്തരുത് എന്നതാണ്. അങ്ങനെ സംഭവിച്ചാൽ ഉണ്ണികൃഷ്ണൻ പോറ്റിയിൽ മാത്രം നിൽക്കില്ല. പോറ്റി പോയ ഇടങ്ങളിലേക്കെല്ലാം അന്വേഷണം നടത്തേണ്ടിവരും. പോറ്റി ആരെയെല്ലാം പോയി കണ്ടിട്ടുണ്ടോ അവിടെയെല്ലാം അന്വേഷണം നടത്തേണ്ടിവരും. ഭയമാണ്; ഉൾക്കിടിലമാണ് പ്രതിപക്ഷനേതാവിനെക്കൊണ്ട് ഈ കോപ്രായം മുഴുവൻ ഇവിടെ കാണിക്കാൻ പ്രേരിപ്പിക്കുന്നത്. ഏത് കാലത്താണ് പോറ്റി കയറിയത് എന്നത് ഇന്നലെ പുറത്തുവന്നില്ലേ. പോറ്റി കയറിയത് പരേതനായ കോൺഗ്രസ് നേതാവ് പ്രയാർ ഗോപാലകൃഷ്ണൻ പ്രസിഡന്റായിരുന്ന കാലത്തല്ലേ, ഇനി പ്രതിപക്ഷത്തിന് ധൈര്യമുണ്ടോ 'പോറ്റിയെ കയറ്റിയേ' എന്ന പാട്ട് പാടാൻ. പോറ്റിയെ കയറ്റിയ പരലോകത്തും ഇഹലോകത്തുമായിട്ടുള്ളവരെല്ലാം കോൺഗ്രസ്സുകാരാണ് എന്ന് വസ്തുതകൾ സഹിതം ഇന്ന് പുറത്തുവന്നില്ലേ? ഇത് പറയേണ്ടി

വന്നതിൽ വിഷമമുണ്ട്. പോറ്റിയെ കയറ്റിയ പരലോകത്തും ഇഹലോകത്തുമുള്ളവർ കോൺഗ്രസ്സുകാരാണ്. എന്നിട്ട് ഇവിടെ വന്ന് ഈ നാടകം കളിക്കുകയാണ്. ഞാൻ അവസാനിപ്പിക്കുകയാണ്; ഈ നിയമസഭാ സമ്മേളനത്തിന്റെ ഒന്നാം പാദത്തിന്റെ അവസാന ദിവസമാണിന്ന്. പ്രതിപക്ഷത്തിന് വിഷയദാരിദ്ര്യമാണെന്ന് ഞങ്ങൾ പറഞ്ഞത് അക്ഷരംപ്രതി ശരി വച്ചിരിക്കുന്നതാണ് ഈ സംഭവവികാസങ്ങളെല്ലാം. ഇക്കഴിഞ്ഞ അഞ്ച് കൊല്ലത്തിനിടയിൽ പ്രതിപക്ഷത്തിന് ഒരിക്കൽപ്പോലും ഈ സർക്കാരിനെതിരായി ഒരു അവിശ്വാസപ്രമേയം കൊണ്ടുവരാൻ കഴിഞ്ഞില്ലെന്ന് ഓർക്കണം. അത്തരത്തിൽ പ്രതിപക്ഷത്തിനുപോലും അവിശ്വസിക്കാൻ കഴിയാത്തൊരു ഗവൺമെന്റാണിത്. നിയമസഭയുടെ ചരിത്രത്തിൽ ഒരു അവിശ്വാസ പ്രമേയംപോലും കൊണ്ടുവരാൻ സാധിക്കാത്ത ഒരു പ്രതിപക്ഷമുണ്ടായിട്ടുണ്ടോ? നിയമസഭ അതിന്റെ അവസാന സമ്മേളനത്തിലേക്ക് കടക്കുമ്പോൾപ്പോലും ഇന്നേവരെ ഒരു മന്ത്രിയ്ക്കെതിരെയും എഴുതിക്കൊടുത്ത ഒരു ആരോപണംപോലും ഉന്നയിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. അത്തരത്തിൽ നിരാശരും നിരായുധരുമായ പ്രതിപക്ഷത്തിന്റെ നാടകമാണ് നാം ഇവിടെ കാണുന്നത്.

ഞാൻ ഒറ്റ കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. അല്പം കഴിഞ്ഞാൽ ഈ പ്രതിപക്ഷം സഭ വിട്ട് ഓടുന്നത് നമുക്ക് കാണാം.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സാഹിത്യം വായിക്കുന്ന ആളാണല്ലോ. വി.കെ.എൻ.-ന്റെ പ്രസിദ്ധമായ ഒരു കഥയുണ്ട്; 'ഫുട്ബോൾ'. വി.കെ.എൻ.-ന്റെ നാട്ടിലെ ടീമിനെ വെല്ലുവിളിച്ചുകൊണ്ട് പാലപ്പുറം ടോർപ്പിഡോസ് കളിക്കാൻ വരികയാണ്; വലിയ വീരവാദങ്ങളുമായിട്ടാണ് വരുന്നത്. അവസാനം സ്വന്തം പോസ്റ്റിൽ ഗോളുകൾ വന്ന് നിറഞ്ഞപ്പോൾ ആ പാലപ്പുറം ടോർപ്പിഡോസിന്റെ ക്യാപ്റ്റനും മാനേജറും ഭാരതപ്പുഴയും കടന്ന് റെയിൽവേ ട്രാക്കും കടന്ന് പാടവും കടന്ന് ഓടി എന്നാണ് വി.കെ.എൻ. പറയുന്നത്. അതുപോലെ ഈ കേരളത്തെ ടോർപ്പിഡോ ചെയ്യുന്ന ക്യാപ്റ്റൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ ഒരു മാനേജറുണ്ടല്ലോ; വാടകയ്ക്കെടുത്ത ഗീബൽസ്, ഈ നുണകൾ മുഴുവൻ പ്രചരിപ്പിക്കാൻ എഴുതിക്കൊടുക്കുന്ന ആ മാനേജറുംകൂടി സഭ വിട്ട് ഓടുന്ന ദൃശ്യം നമുക്ക് അല്പം കഴിഞ്ഞാൽ കാണാൻ സാധിക്കും.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സീറ്റിലിരിക്കണം. ഇവിടെ ചില പ്രതിപക്ഷാംഗങ്ങൾ ചെയറിന്റെ സമീപത്തുവന്ന് പറഞ്ഞത് ചെയർ കള്ളം പറയുന്നുവെന്നാണ്. തന്റെ വാദം ജയിക്കാൻവേണ്ടി കള്ളം

പറഞ്ഞ് രാഷ്ട്രീയപ്രവർത്തനം നടത്തിയ ആളല്ല ചെയർ. അതുകൊണ്ട് ഇത്തരം വാദമുഖങ്ങൾ നിരത്തുന്നത് ശരിയല്ല. എന്റെ വായിൽ കയ്യിട്ട് ആളിന്റെ പേര് പറയിക്കരുത്. ഏതായാലും എല്ലാ കാലത്തും political gentleness കാണിച്ച ഒരാളാണ് എന്നുള്ളതുകൊണ്ട് ആ ഭാഗം ഞാൻ പരാമർശിക്കാനുദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സീറ്റിലിരിക്കണം. സഭയുടെ സുഖകരമായ നടത്തിപ്പിന് ചെയറുമായി സഹകരിക്കണം. നിങ്ങൾ ഉന്നയിക്കുന്ന വാദമുഖങ്ങൾ സഭയിൽ ചർച്ച ചെയ്യാമെന്ന് ചെയർ പറഞ്ഞിരുന്നു. ശബരിമലയിലെ സ്വർണ്ണക്കൊള്ളയാണെങ്കിൽ ചർച്ച ചെയ്യാമെന്ന് പറഞ്ഞിരുന്നു. ഗവൺമെന്റ് ചർച്ചയ്ക്ക് തയ്യാറുമാണ്. എന്നാൽ നിങ്ങൾ അത് അംഗീകരിക്കുന്നില്ല. നിങ്ങൾ ഉന്നയിക്കുന്ന വിഷയം ചെയർ, ഗവൺമെന്റുമായി ചർച്ചയ്ക്ക് തയ്യാറാണ്. ശബരിമലയിലെ സ്വർണ്ണക്കൊള്ളയാണ് വിഷയമെങ്കിൽ സഭയിൽ ചർച്ചയ്ക്ക് തയ്യാറാണെന്ന് ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. പക്ഷെ നിങ്ങൾ ചർച്ചയ്ക്ക് തയ്യാറല്ല. സഭാനടപടികൾ നിർത്തിവയ്ക്കുന്ന പതിനെട്ട് ഉപക്ഷേപങ്ങൾ ചർച്ചയ്ക്കെടുത്ത ഈ പതിനഞ്ചാമത് കേരള നിയമസഭയ്ക്ക് ശബരിമലയിലെ വിഷയവും ചർച്ച ചെയ്യുന്നതിൽ യാതൊരു മടിയുമില്ല. നിർഭാഗ്യവശാൽ, അത്തരമൊരു ചർച്ചയ്ക്ക് പ്രതിപക്ഷം തയ്യാറാകുന്നില്ല എന്നുള്ളത് വളരെ

ഖേദകരമായ കാര്യമാണ്. ജനാധിപത്യത്തിൽ ആദ്യമായാണ് ഒരു ഭരണപക്ഷം ഞങ്ങൾ ചർച്ചയ്ക്ക് തയ്യാറാണെന്ന് പറയുന്നത്. സാധാരണ ചർച്ചയ്ക്കെടുക്കാതെ തള്ളുകയാണ് ചെയ്യുന്നത്. പക്ഷെ ഞങ്ങൾ ചർച്ചയ്ക്ക് തയ്യാറാണെന്നും സ്വർണ്ണകൊള്ളയാണ് വിഷയമെങ്കിൽ നോട്ടീസ് നൽകിയാൽ ചർച്ചയ്ക്ക് തയ്യാറാണെന്നും പല ഘട്ടത്തിലും ഗവൺമെന്റ് വളരെ സത്യസന്ധമായി സഭയെ അറിയിച്ചിട്ടും എന്തുകൊണ്ടാണ് ചർച്ചയ്ക്ക് തയ്യാറാകാത്തത് എന്ന കാര്യം വളരെ നിർഭാഗ്യകരമാണ്. ഇവിടെ ഗവൺമെന്റ് ചെയറിനെ അറിയിച്ച കാര്യം പ്രതിപക്ഷത്തോട് പറഞ്ഞുവെന്നേയുള്ളൂ. ഏതായാലും ജനാധിപത്യത്തിൽ ഇത്തരത്തിൽ സഭ ruckus ആക്കുന്ന രീതി ശരിയല്ല. Disruption ഒരു ഓപ്ഷനേയല്ല, debate-ഉം discussion-നുമാണ് healthy democracy-ക്ക് ഭൂഷണം. ഞാൻ ഒരുകാര്യം കൂടി അടിവരയിട്ട് പറയുന്നു. Debate-ഉം discussion-നും ഏറ്റവും കൂടുതൽ നടന്ന ഒരു സഭയാണ് പതിനഞ്ചാമത് കേരള നിയമസഭ. അത് വളരെ അഭിമാനത്തോടുകൂടി ചെയറിന് പറയാൻ സാധിക്കും. സഭാനടപടികൾ നിർത്തിവയ്ക്കുന്ന ഇത്രയധികം ഉപക്ഷേപങ്ങൾ ചർച്ചയ്ക്കെടുത്തപ്പോൾ അതിന് ചെയർ ചെയ്യാൻ സാധിച്ചുവെന്നുള്ളത് political career-ൽതന്നെ ഒരു അഭിമാനമായി കാണുന്ന ഒരാളാണ് ഞാൻ.

ഓർഡർ... ഓർഡർ.... നിരന്തരം അഭ്യർഥിച്ചിട്ടും പ്രതിപക്ഷാംഗങ്ങൾ ചോദ്യോത്തരവേളയുമായി സഹകരിക്കാത്ത സാഹചര്യത്തിൽ ചോദ്യോത്തരവേളയുടെ ശേഷിക്കുന്ന ഭാഗങ്ങൾ റദ്ദ് ചെയ്ത് തുടർനടപടികളിലേക്ക് കടക്കുന്നതിന് ചെയർ നിർബന്ധിതമാകുകയാണ്.

ഇന്നത്തെ ശ്രദ്ധക്ഷണിക്കലിന്റെയും സബ്മിഷന്റെയും മറുപടികൾ സഭയുടെ മേശപ്പുറത്തുവച്ചതായി പരിഗണിക്കുന്നതാണ്.

(ശ്രദ്ധക്ഷണിക്കലിന്റെയും സബ്മിഷന്റെയും മറുപടികൾ മേശപ്പുറത്തുവച്ചു.)+

+ അനുബന്ധമായി ചേർക്കുന്നു.